നടപ്പിലാക്കുവാനും സാധിക്കുന്നതാണ്. സർക്കാർ അധീനതയിലുള്ള റോഡുകളിൽ കൂടി കേബിൾ ഇടുന്നതിനുപകരം റിയലൻസ്, ഭാരതി, ഏഷ്യാനെറ്റ് എന്നീ കമ്പനികളിൽ നിന്നും സൗജന്യമായി ലഭിക്കുന്ന ബാൻഡ് വിഡ്ത്താണ് കമ്പ്യൂട്ടർ ശൃംഖലയ്ക്കായി ഉപയോഗിച്ചിരുന്നത്.

ഇതു കൂടാതെ തിരുവനന്തപുരത്ത് നെറ്റ്വർക്ക് ഓപ്പറേറ്റിംഗ് സെന്ററിനോട് (എൻ. ഒ. സി.) അനുബന്ധിച്ച് അത്യാധുനിക സംവിധാനങ്ങളോടു കൂടിയ ഡാറ്റാ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ കമ്പ്യൂട്ടർ സർവർകളും മറ്റു ഉപകരണങ്ങളും ഈ സെന്ററിൽ അത്യാധുനിക സെക്യൂരിറ്റി സംവിധാനത്തോടുകൂടി മുടക്കം കൂടാതെ 24 മണിക്കൂറും പ്രവർത്തിപ്പിക്കുവാൻ തക്ക രീതിയിലാണ് ഡാറ്റാ സെന്റർ രൂപകല്പന ചെയ്തിരിക്കുന്നത്.

ആദ്യ ഘട്ടത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് അഞ്ച് ആഫീസുകളും (ഗവ. സെക്രട്ടേറിയറ്റ്, വികാസ് ഭവൻ, പബ്ളിക്ക് ആഫീസ്, പരീക്ഷാ ഭവൻ, ഹൗസിംഗ് ബോർഡ്) കൊച്ചിയിലെ അഡ്വക്കേറ്റ് ജനറൽ ആഫീസും മേൽപ്പറഞ്ഞ ശൃംഖലയോട് ബന്ധിപ്പിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടമായി ജില്ലാ തലസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന ജോലി പുരോഗമിച്ചുവരികയാണ്.

(ബി) ഡയമണ്ട് പ്രോജക്ടിന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ഈ സംവിധാനം പൂർണ്ണമായി പ്രയോജനപ്പെടുത്താൻ ഉതകുംവിധം കമ്പ്യൂട്ടർ സർവറുകൾ മാറ്റി സ്ഥാപിക്കുക (Shifting to the centre), സോഫ്റ്റ്വെയറുകൾ മാറ്റം വരുത്തുക (modify the software) മുതലായ പ്രക്രിയകൾ നടന്നു വരികയാണ്. താമസംവിനാ ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്.

ബോക്സൈറ്റ് ഖനനംമൂലം മരണമടഞ്ഞവരുടെ കുടുംബത്തിന് ധനസഹായം

19 [3458] *ശ്രീ. എ. സുജനപാൽ:*
,, എൻ. ഡി. അപ്പച്ചൻ:
ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. എൻ. കെ. പോൾസൺ മാസ്റ്റർ:
,, ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് അനധികൃതമായി ബോക്സൈറ്റ് ഖനനം ചെയ്യുന്നുണ്ടോ;

(ബി) എങ്കിൽ എവിടെ നിന്നെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കൊല്ലം ജില്ലയിൽ പോരുവഴി, ശാസ്താകുളം, ഗിരിപുരം കുന്നുകളിൽ നിന്ന് ബോക്സൈറ്റ് അനധികൃതമായി ഖനനം ചെയ്യുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അനധികൃത ബോക്സൈറ്റ് ഖനനവേളയിൽ ഇക്കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്രപേർ മരണമടഞ്ഞു;

(ഇ) പ്രസ്തുത ആളുകളുടെ കുടുംബത്തിന് എന്തു സഹായം നൽകി എന്നതിന്റെ വിശദ വിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിന്റെ വിവിധ പ്രദേശങ്ങളിൽ നാട്ടുകാർ അവരവരുടെ സ്വന്തം സ്ഥലങ്ങളിൽ നിന്നും അലുമിനസ് ലാറ്ററൈറ്റ് നിയമാനുസൃത പെർമിറ്റില്ലാതെ കുഴിച്ചെടുത്ത് ഖനന പാട്ടം ലഭിച്ചവർക്ക് കൊടുക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി)&(ഇ) ഈ പ്രദേശത്ത് മണ്ണ് ഇടിഞ്ഞു വീണ് ഒരാൾ മരിച്ചിട്ടുണ്ട്. ഈ സംഭവത്തിന് ബോക്സൈറ്റ് ഖനനവുമായി ബന്ധമില്ല. അതിനാൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സഹായമൊന്നും നൽകിയിട്ടില്ല.

ടെക്സ്റ്റൈൽ മില്ലുകളുടെ വികസനത്തിന് പദ്ധതി

20 [3459] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
,, എൻ. രാജൻ:
,, എം. കുമാരൻ:
,, ബിനോയ് വിശ്വം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ടെക്സ്റ്റൈൽ മില്ലുകളുടെ വികസനത്തിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിൽ കേന്ദ്ര സഹായത്തിനായി എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും നടപടികൾ സ്വീകരിക്കുമോ;

(സി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള തൃശൂർ സീതാറാം ടെക്സ്റ്റൈൽ മില്ലിൽ സ്പിന്നിലുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നെയ്ത്ത്, പ്രോസസിംഗ് ഉൾപ്പെടെയുള്ള വിഭാഗങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തുള്ള എൻ. റ്റി. സി. മില്ലുകളുടെ നവീകരണത്തിനും സംരക്ഷണത്തിനും കേന്ദ്രത്തിൽനിന്നും സഹായം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly